# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1307

20.01.2014-ൽ
മറുപടിയ്ക്ക്

## വേല, പൂരം, കുമ്മാട്ടി തുടങ്ങിയ ഉത്സവങ്ങൾ

| ചോദ്യം<br>ശ്രീ.എം.ചന്ദ്രൻ | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) 2014-ലെ വേല, പൂരം, കുമ്മാട്ടി തുടങ്ങിയ ഉത്സവങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിപാലക്കാട് ജില്ലയിൽ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>ബി) ഉത്സവ കമ്മിറ്റിയുടെ പ്രത്യേക യോഗം കളക്ടർ വിളിച്ചു ചേർക്കാറുണ്ടോ; | എ) & ബി) 2014-ലെ വേല, പൂരം, കുമ്മാട്ടി തുടങ്ങിയ ഉത്സവങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി പാലക്കാട് ജില്ലയിലെ പടക്ക നിർമ്മാണ ലൈസൻസികളുടെയും / തൊഴിലാളി കളുടെയും മറ്റ് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/റവന്യൂ ഡിവിഷണൽ ഓഫീസർമാർ എന്നിവരുടെ യോഗം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 09.01.2014-ന് ചേരുകയും വെടിക്കെട്ടുകൾ സുരക്ഷിതമായും അപകടരഹിതമായും നടത്തുന്നതിനും ലൈസൻസിലെ നിബന്ധനകൾക്ക് വിധേയമായി മാത്രം വെടിക്കെട്ടുകൾ നടത്തുന്നതിനും വെടിമരുന്ന് പടക്കശാലകൾ അപകടരഹിതമായി പ്രവർത്തിക്കുന്നതിനുമുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) കരിമരുന്ന്/വെടിമരുന്ന് പ്രയോഗത്തിന് എന്തൊക്കെ നിയന്ത്രണങ്ങളാണ് ജില്ലാ ഭരണകൂടം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി) എക്സ്പ്ലോസീവ് റൂൾസിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുശാസിക്കുന്ന വിധം മാത്രമേ വെടിക്കെട്ട് നടത്തൂവെന്നും അനുവദിക്കപ്പെട്ട ലൈസൻസിലെ എല്ലാ നിബന്ധനകളും പാലിക്കാമെന്നും നിരോധിക്കപ്പെട്ടിട്ടുള്ള പൊട്ടാസ്യം ക്ലോറേറ്റ് മുതലായ രാസ വസ്തുക്കൾ വെടിക്കെട്ടിന് ഉപയോഗിക്കു കയില്ലെന്നുമുള്ള സത്യവാങ്മൂലം ഉത്സവകമ്മിറ്റി ഭാരവാഹികളും വെടിക്കെട്ട് നടത്തുന്ന ലൈസൻസികളും ജില്ലാ കളക്ടർ മുൻപാകെ സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജില്ലയിൽ അനധികൃത പടക്ക നിർമ്മാണശാലകൾ പ്രവർത്തിക്കുന്നില്ലെന്നും അംഗീകൃത പടക്ക നിർമ്മാണ ശാലകൾ ലൈസൻസിലെ നിബന്ധന കൾക്കനുസരിച്ച് മാത്രമേ പ്രവർത്തിക്കു ന്നുള്ളുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

ഡി) ഉത്സവത്തിന് ആനകളെ എഴുന്നെള്ളിക്കുന്നതിന് എന്തൊക്കെ നിയന്ത്രണങ്ങളും മുൻകരുതലുകളുമാണ് പാലക്കാട് ജില്ലാ ഭരണകൂടം ഏർപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ ?

ഡി) ഇതുമായി ബന്ധപ്പെട്ടിട്ടുള്ള സർക്കാർ ഉത്തരവുകൾ കർശനമായി പാലിച്ച് മാത്രമേ ആനകളെ എഴുന്നള്ളിക്കാവൂ എന്ന് 23.11.2013-ന് പാലക്കാട് ജില്ലയിൽ നടന്ന ഉത്സവകമ്മിറ്റി ഭാരവാഹികളുടെയും ആന ഉടമസ്ഥരുടെയും എസ്.പി.സി.എ, മൃഗസംരക്ഷണം, പോലീസ്, റവന്യൂ, വനം, ദേവസ്വം, അഗ്നിശമനം എന്നീ വകുപ്പ് മേധാവികളുടെയും യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ